**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1465** **11-09-2023 - ൽ മറുപടിയ്ക്ക്**

**എം.ജി.എൽ.സി നിർത്തലാക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിൽ എത്ര മൾട്ടി ഗ്രേഡ് ലേണിങ്ങ് സെന്ററുകൾ നിർത്തലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ; | (എ) | കാസർഗോഡ് ജില്ലയിൽ നിലവിലുണ്ടായിരുന്ന 52എം.ജി.എൽ. സി കളിൽ ഒരു എം.ജി.എൽ.സി നിലനിർത്തിക്കൊണ്ട് ബാക്കി 51എണ്ണം നിർത്തലാക്കിയിട്ടുണ്ട്. |
| (ബി) | ഇത്തരത്തിലുള്ള ഏകാധ്യാപക വിദ്യാലയങ്ങൾ പ്രവർത്തിച്ച കെട്ടിടങ്ങൾ, സ്ഥലങ്ങൾ എന്നിവ എന്ത് ചെയ്യാനാണ് ആലോചിക്കുന്നതെന്ന് വിശദീകരിക്കാമോ; | (ബി) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ എൽ.പി. സ്കൂളിനും എസ്.എസ്.കെ നടത്തുന്ന പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾക്കും നൽകുവാനും തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള കെട്ടിടങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തന്നെ വിട്ടു നൽകാനും തീരുമാനമെടുത്തിട്ടുണ്ട്. അതുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ കൈമാറാൻ അതാതു ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കെട്ടിടങ്ങളും സ്ഥലങ്ങളും അന്യാധീനപ്പെട്ടു പോകാതിരിക്കാനാണ് മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |
| (സി) | ഇവ ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | (സി) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ എൽ.പി. സ്കൂളിനും എസ്.എസ്.കെ നടത്തുന്ന പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾക്കും നൽകുവാനും തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള കെട്ടിടങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തന്നെ വിട്ടു നൽകാനും തീരുമാനമെടുത്തിട്ടുണ്ട്. അതുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ കൈമാറാൻ അതാതു ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കെട്ടിടങ്ങളും സ്ഥലങ്ങളും അന്യാധീനപ്പെട്ടു പോകാതിരിക്കാനാണ് മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |
| (ഡി) | അനാഥമായി കിടക്കുന്ന കെട്ടിടങ്ങളും സ്ഥലങ്ങളും അന്യാധീനപ്പെട്ടുപോകാനും ദുരുപയോഗം | (ഡി) | പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ എൽ.പി. സ്കൂളിനും എസ്.എസ്.കെ നടത്തുന്ന പ്രാദേശിക പ്രതിഭാ കേന്ദ്രങ്ങൾക്കും നൽകുവാനും |

| | | | |
|---|---|---|---|
| | ചെയ്യാനുമുള്ള സാധ്യത ഇല്ലാതാക്കാനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ? | | തദ്ദേശ സ്വയംഭരണ വകുപ്പിനു കീഴിലുള്ള കെട്ടിടങ്ങൾ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങൾക്ക് തന്നെ വിട്ടു നൽകാനും തീരുമാനമെടുത്തിട്ടുണ്ട്. അതുപ്രകാരം തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിലുള്ള കെട്ടിടങ്ങൾ കൈമാറാൻ അതാതു ഉപജില്ല വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. കെട്ടിടങ്ങളും സ്ഥലങ്ങളും അന്യാധീനപ്പെട്ടു പോകാതിരിക്കാനാണ് മേൽ തീരുമാനം കൈക്കൊണ്ടിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ